# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3097 13.07.2015-ൽ മറുപടിയ്ക്ക്

## കാവുസംരക്ഷണ പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി.കെ. സദാശിവൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) കാവുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് നിലവിലുള്ള പദ്ധതി - കൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | എ) കാവുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് 12.09.2013-ലെ ജി.ഒ (ആർ.റ്റി) നം.354/13/വനം പ്രകാരമുള്ള സർക്കാർ മാർഗ്ഗനിർദ്ദേശപ്രകാരമാണ് കാവ് സംരക്ഷണ പദ്ധതി വനം വകുപ്പ് നടപ്പിലാക്കി വരുന്നത്. |
| ബി) പ്രസ്തുത പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ? | ബി) 12.09.2013-ലെ ജി.ഒ (ആർ.റ്റി)354/13/വനം പ്രകാരമുള്ള സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമാണ് കാവ് സംരക്ഷണ പദ്ധതി വനം വകുപ്പ് നടപ്പിലാക്കി വരുന്നത്. കേരളത്തിലെ കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി ഓരോ ജില്ല യിൽ നിന്നും വനം വകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രി വിഭാഗം പത്രപ്പരസ്യങ്ങളിലൂടെ അപേക്ഷകൾ ക്ഷണിക്കുകയും, ആയത് പ്രകാരം ലഭിച്ച അപേക്ഷകൾ കാവു സംരക്ഷണ പദ്ധതിയുടെ തിരഞ്ഞെടുത്ത സംസ്ഥാനതല വിദഗ്ധ സമിതി അംഗങ്ങൾ പരിശോധിച്ച് കാവിന്റെ വിസ്തൃതിയുടെയും ആയതിലെ ജൈവ വൈവിദ്ധ്യ സമ്പന്നതയുടെയും അടിസ്ഥാന ത്തിൽ യോഗ്യമായ അഞ്ച് കാവുകൾ വീത... |

ഓരോ ജില്ലകളിൽനിന്നും തെരഞ്ഞെടുക്കുകയും, തെരഞ്ഞെടുക്കപ്പെട്ട കാവുകൾക്ക് ടി കാവുകളുടെ ഉടമസ്ഥർ സമർപ്പിക്കുന്ന മൈക്രാപ്ളാനിന്റെ അംഗീകാരത്തിന് വിധേയമായിട്ടാണ് ധനസഹായം നൽകി വരുന്നത്. കാവുകളിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നു.

1. കാവുകളിലെ സസ്യജന്തു വൈവിധ്യം തിട്ടപ്പെടുത്തുക.
2. കാവുകളിലെ ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനായി സസ്യങ്ങൾ വച്ചു പിടിപ്പിക്കുക/സ്വാഭാവിക സസ്യവളർച്ചയ്ക്ക് ആവശ്യമായ സാഹചര്യം ഒരുക്കുക. കള നിർമ്മാർജ്ജനം ചെയ്യുക. ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക. പരിസരം ശുചിയായി സൂക്ഷിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുക.
3. സംരക്ഷണത്തിനായി കാവിനു ചുറ്റും അനുയോജ്യമായ വേലി നിർമ്മിക്കുക.
4. കാവുകളുടെ സംരക്ഷണത്തിന്റെ ആവശ്യകതയെ കുറിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുക.

സെക്ഷൻ ഓഫീസർ